"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ സർക്കാർ/ പ്രിൻസിപ്പൽ ഡയറക്ടർ/ ജില്ലാ മേധാവി നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടത്തുന്നതിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കാലികമാക്കി പുതുക്കിക്കൊണ്ടുള്ള ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(കൈ) നം.48/2025/LSGD തീയതി,തിരുവനന്തപുരം, 11-03-2025

---

പരാമർശം:-
1. സ.ഉ (കൈ) നം. 46/2024/തസ്വഭവ, തീയതി 16.03.2024.
2. കേരള എൻ.ജി.ഒ യൂണിയൻ ജനറൽ സെക്രട്ടറി സമർപ്പിച്ച 08.07.2024ലെ നിവേദനം.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 08.10.2024, 27.12.2024, 12.02.2025 തീയതികളിലെ LSGD/PD/34796/2024-DED1 നമ്പർ കത്ത്.

**ഉത്തരവ്**

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ സർക്കാർ/ പ്രിൻസിപ്പൽ ഡയറക്ടർ/ ജില്ലാ മേധാവി നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടത്തുന്നതിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കാലികമാക്കി പുതുക്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ നിശ്ചയിച്ചതിലെ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കേരള എൻ.ജി.ഒ യൂണിയൻ ജനറൽ സെക്രട്ടറി പരാമർശം (2) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു. ആയതിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. കേഡർ പ്രമോഷൻ നിലവിലില്ലാത്ത ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ലൈബ്രേറിയൻ, ഡ്രൈവർ എന്നീ തസ്തികകളിലെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് പരാമർശം (1) ഉത്തരവിലെ ക്രമനം. 1, പൊതുനിർദ്ദേശങ്ങളിലെ ഇനം. (എച്ച്) ഭേദഗതി ചെയ്ത് ചുവടെപ്പറയും പ്രകാരം ഉത്തരവാകുന്നു.

*വിരമിക്കൽ, വകുപ്പ് വിട്ടുപോകൽ, മറ്റേതെങ്കിലും കാരണങ്ങൾ എന്നിവയാൽ എൻടി കേഡർ ഒഴികെയുള്ള എല്ലാ ഗ്രേഡുകളിലും ഉണ്ടാകുന്ന ഒഴിവുകൾ സ്ഥലംമാറ്റം വഴിയോ സ്ഥാനക്കയറ്റം വഴിയോ നികത്താവുന്നതാണെന്നും വിരമിക്കൽ, വകുപ്പ് വിട്ടുപോകൽ, സ്ഥാനക്കയറ്റം, മറ്റേതെങ്കിലും കാരണങ്ങൾ എന്നിവയാൽ എൻടി കേഡറിൽ ഉണ്ടാകുന്ന ഒഴിവുകൾ അതത് ജില്ലകളിലെ എൻടി കേഡർ തസ്തികകളിലെ പൊതുസ്ഥലംമാറ്റം വഴിയോ, പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള റിക്രൂട്ട്മെന്റ് വഴിയോ നികത്താവുന്നതാണെന്നുമുള്ള വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ കേഡർ പ്രമോഷൻ നിലവിലില്ലാത്ത ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ലൈബ്രേറിയൻ, ഡ്രൈവർ എന്നീ തസ്തികകളിലെ പൊതു*

*സ്ഥലംമാറ്റം എൻടി കേഡറിൽ ജില്ലാത്തലത്തിൽ മാത്രമായും മറ്റുള്ള വിവിധ ഗ്രേഡുകളെ ഒറ്റ കാറ്റഗറിയായി കണക്കാക്കി സംസ്ഥാന തലത്തിലും നടത്തേണ്ടതാണ്.*

പരാമർശപ്രകാരമുള്ള സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Dipukumar S L
Date: 12-03-2025 14:28:22
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.